**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1733** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസത്തിനായി വിദേശത്ത് പോകുന്നവരുടെ എണ്ണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ. ജെ. മാക്സി</td><td colspan="2">ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് നിന്നും ഉന്നതവിദ്യാഭ്യാസത്തിനായി വിദേശത്ത് പോകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കരുതുന്നുണ്ടോയെന്നറിയിക്കാമോ;</td><td>(എ)</td><td>ഉന്നതവിദ്യാഭ്യാസത്തിനായി ഇതര സംസ്ഥാനങ്ങളെയും ഇതര രാജ്യങ്ങളെയും ആശ്രയിക്കുന്ന വിദ്യാർത്ഥികളുടെ 2013 മുതലുള്ള വിവരം നിലവിൽ ലഭ്യമല്ല.. എന്നിരുന്നാലും, വിദേശത്തു പോകുന്ന വിദ്യാർത്ഥികൾക്കായി നോർക്ക റൂട്സിൽ 2020 മുതൽ തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇതിലൂടെ 8052 വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ വർഷം തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.<br><br><table><tr><th>ക്രമ നമ്പർ</th><th>വർഷം</th><th>രജിസ്റ്റർ ചെയ്തവർ</th></tr><tr><td>1</td><td>2021</td><td>2022</td></tr><tr><td>2</td><td>2022</td><td>3526</td></tr><tr><td>3</td><td>2023</td><td>2504</td></tr></table><br>മൂന്നു വർഷമാണ് തിരിച്ചറിയൽ കാർഡിന്റെ കാലാവധി എന്നിരിക്കെ 2021-ൽ രജിസ്റ്റർ ചെയ്ത 2022 പേരിൽ 580 പേർ മാത്രമാണ് രജിസ്ട്രേഷൻ കാർഡ് പുതുക്കിയിട്ടുള്ളത്.</td></tr>
<tr><td>(ബി)</td><td>കഴിഞ്ഞ 10 വർഷകാലയളവിൽ (2013 മുതൽ 2023 വരെ) സംസ്ഥാനത്ത് എത്ര ശതമാനം വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസത്തിനായി ഇതരസംസ്ഥാനങ്ങളേയും ഇതര രാജ്യങ്ങളേയും ആശ്രയിച്ചുവെന്നതിന്റെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ?</td><td>(ബി)</td><td>‘ എ’ യിൽ മറുപടി നൽകിയിരിക്കുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ